# നെന്മാണിക്യം

(നോവൽ–22)

ജോൺ ഇളമത

ജിജ്ഞാസയോടെ അച്ചാരമ്മ ചിമിഴു തുറന്നു.

കണ്ണഞ്ചിക്കുന്ന അത്ഭുതനിധി ! ഭൂതം കാത്ത നിധി!

ഒരു നെൽപ്പോളയുടെ അത്ര വലുപ്പം. ഒരു കുഞ്ഞിക്കല്ല. വിശ്വസിക്കാൻ കഴിയുന്നില്ല. എന്തൊരു പ്രകാശം! അവൾ അതിനെ മുത്തി കൈവെള്ളയിലിട്ട് തിരിച്ചും മറിച്ചും നോക്കി. ഉറപ്പുള്ള കല്ല്. അത് ചിമിഴിൽത്തന്നെ നിക്ഷേപിച്ചു. ചിമിഴടച്ചു. വീണ്ടും ഇരുട്ട്.



അത് എവിടെ ഒളിക്കണമെന്നായി അവളുടെ ചിന്ത. ആരും കാണാത്തിടത്ത്. ആരാനും കണ്ടാൽ കഥ കഴിഞ്ഞതുതന്നെ.

തീരുമാനമെടുത്തു ചാണകം മെഴുകിയ വാടാവിന്റെ കോണിൽ എലി തുരന്ന ഒരു മാളമുണ്ട്. അതവസാനിക്കുന്നത് ഇറയത്തെ കറ്റാർ വാഴക്കൂട്ടത്തിന്റെ ഇടയിലാണ്. അച്ചാരമ്മ അതൊരിക്കലും അടച്ചിട്ടില്ല. എലികൾ വരുന്നതും പോകുന്നതും ഇടയ്ക്കവൾ കണ്ടിട്ടുണ്ട് അവ അവിടെനിന്നും പോകുന്നത് നിലവറയിലേക്കാണെന്നവൾക്കറിയാം. അവിടെ ഏതോ സുഷിരങ്ങളിലൂടെ അവ അറയ്ക്കുള്ളിലേക്കു പ്രവേശിക്കും.

കുറേനാൾ മുമ്പ് കാര്യസ്ഥൻ ഏലിയാസ് ഒന്ന് രണ്ട് സുഷിരങ്ങൾ അടച്ചതാണ്.

ഇടവപ്പാതിയിൽ ഭക്ഷണം കിട്ടാതെ വരുമ്പോഴാണ് എലികൾ ധാരാളമായി വരുന്നത്. അച്ചാരമ്മയ്ക്ക് അതിൽ പ്രതിഷേധമില്ല. ഒരൊറ്റ എലിയേയും കൊല്ലാറുമില്ല. അവകൾക്കും വിശപ്പും ദാഹവുമുണ്ടല്ലോ.

കോഴിയുടെ കഴുത്തുപിരിക്കുന്നതും താറാവിന്റെ തലവെട്ടുന്നതും അച്ചാരമ്മ ചെയ്യാറില്ല. കറിവയ്ക്കും കറി കൂട്ടും. അത്രതന്നെ. അത് ദൈവം അനുവദിച്ചിട്ടുണ്ടെന്നാണ് അവളുടെ വിശ്വാസം.

വൃത്താകൃതിയിലുള്ള ആ മാളം പഴന്തുണി തിരുകി വൃത്തിയായി അടച്ച് അതിനുമീതെ ചെറിയ തടികഷ്ണം പാകത്തിൽ വെച്ച്, ഒരു ചെപ്പുപോലെ ആക്കി.

അതിനു മീതെ ചിമിഴു വച്ചു. വീണ്ടും പഴന്തുണി കുത്തിത്തിരുകി ഭദ്രം. അതിനു മേലേ അവളുടെ മുഷിഞ്ഞ ഉടുവസ്ത്രങ്ങളിട്ടു.

അവളുടെ മുഷിഞ്ഞ ഉടുവസ്ത്രങ്ങൾ ആരും കൈകൊണ്ടുപോലും തൊടുകയില്ല. അവളല്ലാതെ.

ഇനിയും ഭാഗ്യമോരോന്നു വരും!

കാറ്റും മഴയും ഇടിയും കൊള്ളിയാനും നിലച്ചു. പെയ്തുതീർന്ന മഴയുടെ അവസാനത്തെ തുള്ളികൾ ഇറയത്തും ഇലകളിലും ഇറ്റുവീണുകൊണ്ടിരുന്നു.

പാതിരക്കോഴി കൂവി. കീഴാളവർഗ്ഗങ്ങളുടെ പന്തകളിൽ നിന്ന് കൊടിച്ചിപ്പട്ടികളുടെ ഓലിയാൻ കേട്ടു. ചെകുത്താന്റെ കീർത്തനംപോലെ.

അച്ചാരമ്മ മെഴുകിയ തറയിൽ തഴപ്പായ വിരിച്ചുകിടന്നു. കീറപ്പുതപ്പുകൊണ്ട് തല വഴുങ്ങാരം മൂടി.

അവൾ ഭാഗ്യത്തിനു കാത്തുകിടന്നു. നിധിയുടെ ചിന്തകളിൽ അവൾ സ്വർഗ്ഗത്തേക്കു പറഞ്ഞു.

പിന്നീട് ഉറക്കമുണർന്നത് പറക്കള്ളി നാണി നേരം വെളുക്കുംമുമ്പ്  മുറ്റമടിക്കുന്ന ശബ്ദം കേട്ടാണ്.

അച്ചാരമ്മ എണീറ്റ് അടുപ്പിൽ തീ കത്തിച്ചു. അപ്പോൾ നേരം പരപരാ വെളുക്കുകയായിരുന്നു.

പതിവിനു വിപരീതമായി കുഞ്ഞുവറീതും കുഞ്ഞാണ്ടമ്മയും വെകളിപിടിച്ച് ഓടിനടക്കുന്നു.

അച്ചാമ്മ ഒന്നുമറിയാത്തവളെപോലെ ജോലിയിൽ വ്യാപൃതയായി. എങ്കിലും അവളുടെ ഉള്ളം കിടുങ്ങി. ആരേലും എന്തേലും അറിഞ്ഞാൽ! മനസ്സ് സമാധാനിപ്പിച്ചു. ആരറിയാൻ. അങ്ങനെയെങ്കിൽ ഇന്നലെ രാത്രിതന്നെ കുടുങ്ങിപ്പോയേനെ.

അവൾ ദിനകർമ്മങ്ങൾ തുടങ്ങി. തേച്ചുമെഴക്കാനുള്ള കിണ്ണങ്ങളും പാത്രങ്ങളും കിണ്ടിയും കോളാമ്പിയുമൊക്കെ കിണറ്റുകരയിലേക്ക് പെറുക്കിയിട്ടു.

മുറ്റമടി കഴിഞ്ഞ് പറക്കള്ളി നാണി പാത്രങ്ങൾ തേച്ചുമെഴക്കാൻ തുടങ്ങി. നാണു വാതില്ക്കൽ കാത്തുനിന്നു. പശുവിനെ കറക്കാൻ ഓട്ടുമൊന്തയ്ക്കുവേണ്ടി. ദേവകിയും ദേവയാനിയും കാലത്തുതന്നെ എത്തി തലേദിവസം കുത്തിയ അരി പാറ്റിക്കൊഴിക്കാൻ. അടുത്തളയും പണിസ്ഥലങ്ങളും സജീവമായി.

അപ്പോഴേക്കും കുഞ്ഞാണ്ടമ്മ പരിഭ്രമിച്ചു വന്നു. അവർ, അച്ചാരമ്മയെ അകലെ നെല്ലുകത്തുപുരയിലേക്ക് കൊണ്ടുപോയി. ആ രഹസ്യം പറഞ്ഞു. പ്രതീക്ഷിച്ചതു പോലെതന്നെ.

ദിനരാത്രങ്ങൾ കടന്നുപോയി. നെന്മാണിക്യത്തിനു വേണ്ടി തകൃതിയായി തിരച്ചിൽ നടന്നു. ചാട്ടവാറുകളുടെ സീൽക്കാര ശബ്ദം അച്ചാരമ്മ കേട്ടു. ദുർമ്മരണങ്ങൾ ഒന്നിനു പുറകേ ഒന്നായി. ഏലിയാസും കണ്ടൻ കോരനും കൃഷ്ണനും അവരുടെ ബന്ധുക്കളുമൊക്കെ ശിക്ഷിക്കപ്പെട്ടു.

അവരുടെ വിലാപങ്ങളിൽ അച്ചാരമ്മ മനംനൊന്തു ദുഃഖിച്ചു. ചെയ്യാത്ത കുറ്റത്തിന് പാവങ്ങൾ ശിക്ഷിക്കപ്പെടുന്നതിൽ അവൾക്കു കുണ്ഠിതമുണ്ടായി.

ദൈവകോപം വീഴാതിരിക്കാൻ അവൾ പ്രാർഥിച്ചു. തെറ്റ്, തിരുത്തപ്പെടാനാകാത്ത തെറ്റ. ആരെങ്കിലും കണ്ടുപിടിച്ചാൽ....

ഇതുവരെ ഒരു ഭാഗ്യവും വന്നിട്ടില്ല. ചിമിഴ് ആറ്റിലേക്ക് വലിച്ചെറിഞ്ഞാൽ എന്തെന്നുവരെ അവൾക്കു തോന്നി.

ഊണും ഉറക്കവുമൊഴിഞ്ഞ് അച്ചാരമ്മ നടന്നു. എന്താണ് ചെയ്യേണ്ടത്. കാക്കാലത്തി പറഞ്ഞുപറ്റിച്ചതാണോ? അല്ലായിരിക്കാം! ഭാഗ്യം വരാൻ നേരമെടുത്തേക്കും. ഏലിപ്പെണ്ണുങ്ങളും അതുതന്നെയല്ലേ പറഞ്ഞത്? നിധി ഇരിക്കുന്നിടത്ത് ഭാഗ്യം കുമിഞ്ഞുകേറുമെന്ന്.

ആയിടെ ആരുമില്ലാത്ത ഒരവസരത്തിൽ കാക്കാലത്തി വീണ്ടും പ്രത്യക്ഷപ്പെട്ടു.

അച്ചാരമ്മയ്ക്ക് ആശ്വാസമായി. കാക്കാലത്തി വിളിച്ചുചോദിച്ചു.:

അമ്മാ, ഭാഗ്യം കെടച്ചാച്ചാ!

അച്ചാരമ്മയ്ക്ക് ദേഷ്യവും പരിഭവവുമുണ്ടായി.

കാക്കാത്തി പറഞ്ഞിട്ട് ഭാഗ്യമെവിടെ?

ഉള്ളാലെ വരട്ടും. അന്ത നിധി എങ്കേ?

അതൊക്കെ ഞാം പാത്തുവച്ചിട്ടൊണ്ട്.

നിൻകയ്യിലെ ഭാഗ്യമിറുപ്പത്. നീ നിനപ്പതെല്ലാം വന്തിടും.

ആറ്റിലോട്ടെറിഞ്ഞാലേന്താന്ന് ഓർത്തതാ. അച്ചാരമ്മയ്ക്ക് ദേഷ്യം വന്നു.

പൈത്യം പേശാതമ്മാ.

കയ്യി കിട്ടിയിട്ട് പത്തിരുപതു നാളു കഴിഞ്ഞു. ഇനിം എന്നു ഭാഗ്യം വരാനാ?

അതുതാനേ നാൻ വീണ്ടും നിൻപക്കം വന്തത്. അന്ത ഭാഗ്യദേവത മട്ടും തിരുമ്പി വിട്ടതമ്മാ.

ഏതു ഭാഗ്യദേവത?

കടവുളേ. നീ വന്തിട്ടു മേലാളവർഗ്ഗം! ബ്രാഹ്മിണ മങ്ക! നിൻ അമ്മാവ് ശിന്ന പ്രായത്ത് പതിമൂന്നു വയസ്സി നിന്നെ പെറ്റതമ്മാ. വേളിക്കു മുന്നാലെ നിൻ അപ്പാവ് ആരെന്നു തെരിയീല. അതുതന്നെ മട്ടും. അന്ത മനക്കാര് ഇന്ത വീട്ടുക്കു മുറ്റത്ത് നിന്നെ ഉപേക്ഷിച്ചു പോകറത്.

കാക്കാലത്തി ഒന്ന് നിർത്തി ശ്വാസമെടുത്തു.

വീണ്ടും തുടർന്നു: നിൻ അമ്മാവെ നാലാണ്ട് കളിഞ്ഞ് തിരുമ്പി വേളി കഴിച്ചാച്ചാ. അതുക്കും പിന്നെ പത്താണ്ടു കഴിഞ്ഞാ ഒരു കൊളന്ത പിറന്തത്. നിൻ ഉടപ്പിറന്നവൾ. സാവിത്രി എന്നാക്കും അവളെ കൂപ്പിടറത്. അന്ത സാവിത്രിക്കും മട്ടും ഒരാൺകുളന്തയുണ്ട്. പതിമൂന്നു വയസ്സാക്കും. വിഷ്ണു എന്നു കൂപ്പിടും. നിൻ ഉടപ്പിറന്തവൾക്കപ്പാവും. നിൻ അമ്മാവും കാലയിലെ ഊരു വിട്ടു പോയാച്ചാ.

എന്റെ ഉടപ്പിറന്നവളെയും അവടെ ോനെയും ഒന്നു കാണാമ്പറ്റോ?

നിചം! അതുക്കുതാനെ നിൻ തിരുമ്പിവന്തത്?

നിൻ കൈയിലെ അന്ത നിധിയാക്കും. ഏതുക്കും തുണയായത്. നിൻ ഉടപ്പിറന്തവളേം കൊളന്തലേം നാൻ കണ്ടാച്ച്.

നിചം! നേരോ?

ഇന്നേക്ക് രണ്ടാം പക്കം പതിരാവില് വള്ളപ്പുരക്കു പക്കം, പരുത്തിക്കാടിനുള്ളിലെ ശിന്ന കുളിക്കടവത്ത് നീ പാക്ക വേണം. തോണിയിലേ അവർ വന്തിടും. നിന്റെ ഇടപ്പിറന്തവൾ സാവിത്രീ...കുളന്ത വിഷ്ണുവും. അവർ നിന്നെ കാപ്പാത്തും. നിൻ അമ്മാവും മനയിലെ അവർ തിരുമ്പി കൊണ്ടുപോയിടും.

ഇതൊക്കെ നേരാണോ?

മൊഴി ശാല്ലീട്ട് എന്ന കാര്യം? നിൻ വാഴ്വ് മട്ടും എനക്കു ഗുണം.

ഇക്കുറി കുറേ കൂടുതൽ അരിയും മുളകും എണ്ണയും കൊടുത്ത് അച്ചാരമ്മ കാക്കാലത്തിയെ യാത്രയാ്കകി.

കാക്കാലത്തിയുടെ പ്രവചനങ്ങളിൽ അച്ചാരമ്മ മയങ്ങിവീണു.

രണ്ടു ദിനങ്ങൾ. ദിനങ്ങൾക്ക് നീളമുണ്ടെന്ന് തോന്നി. പകൽ സ്വപ്നങ്ങൾ കണ്ടും രാത്രി ഉറങ്ങാതെയും കഴിച്ചുകൂട്ടി.

രണ്ടാമത്തെ രാത്രി എത്തി. അവൾ ഉറങ്ങാതെ കിടന്നു. അല്പ നേരത്തിനു ശേഷം അച്ചാരമ്മ ഒരു മയക്കത്തിലേക്ക് വീണു.

മയക്കത്തിൽ അവൾ കണ്ടു. മനോഹരമായ ഒരു ദ്വീപ്. അതിൽ വലിയ ഒരു നാലുകെട്ട്. വിശാലമായ നടുമുറ്റം. ഒത്ത നടുവിൽ തുളസിത്തറ. ഇറയത്തെ നാലരുകിലും പൂച്ചടികൾ. തെച്ചിയും മുല്ലയും ചെമ്പകവും നന്ത്യാർവട്ടവുംമൊക്കെ.

അവൾ നടന്നു. നാലുകെട്ടിനു വെളിയിലിറങ്ങി. അവിടെ സർപ്പക്കാവ്.

അതോടു ചേർന്ന് അവിടെ ചെറിയ അമ്പലം. അതിനു മുന്നിൽ അമ്പലക്കുളം. അതിൽ താമരപ്പൂക്കൾ വിടർന്നുനില്ക്കുന്നു. നീലിമയാർന്ന തെളിഞ്ഞ ജലം.

അവൾ ഉടുതുണി പറിച്ചെറിഞ്ഞു. കൽപ്പടവുകൾ ചവുട്ടി കുളത്തിലിറങ്ങി നീരാടി.

അപ്പോൾ മുലക്കച്ച കെട്ടി. ദേഹമാകെ മഞ്ഞൾ അരച്ചുപുരട്ടി ഒരു സുന്ദരി വന്നു. അവളുടെ കൈയിൽ വെള്ളിത്തലത്തിൽ കർപ്പൂരം എരിഞ്ഞു. അവൾ മൃദുലമായി വിളിച്ചു:

അക്കാ!

അച്ചാരമ്മ പ്രതിവചിച്ചു:

സാവിത്രി, ഉടപ്പിറന്നവളേ! ശബ്ദം പുറത്തേക്കു വന്നില്ല, അച്ചാരമ്മ എത്രതന്നെ ശ്രമിച്ചിട്ടും.

അപ്പോൾ പാതിരാക്കോഴി കൂവി. അവൾ ഞെട്ടിയുണർന്നു.

(തുടരും....)

*********************** *********